LIBRARY ARCHIVES Kerala Legislative Assembly

## കെ.എസ്.ആർ.ടി.സി.-യുടെ ബാദ്ധ്യത

333 (3967) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ ബാദ്ധ്യത എത്രയെന്ന വെളിപ്പെടുത്താമോ ; ഏതെല്ലാം ഏജൻസികൾക്ക് എത്രവീതം തുക വായ്പയിനത്തിൽ തിരിച്ചടയ്ക്കാനുണ്ടെന്ന കാര്യം വിശദീകരിക്കാമോ ;

(ബി) 2014-15 വർഷത്തിൽ നാളിതുവരെ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും എത്ര തുക വായ്പയെടുത്തു ;

(സി) പ്രസ്തുത വായ്പ ഏതെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചത് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 30-11-2014-ലെ കണക്കുപ്രകാരം 1575.26 കോടി രൂപ വായ്പയിനത്തിൽ കോർപ്പറേഷൻ, കെ.റ്റി.ഡി.എഫ്.സി, ഹഡ്കോ, കെ.എസ്.റ്റി-133, LIC എന്നീ സ്ഥാപനങ്ങൾക്ക് നൽകാനുണ്ട്. വിശദാംശങ്ങൽ ചുവടെ സൂചിപ്പിക്കുന്നു :

| | |
|---|---|
| ഹഡ്കോ | 93.76 കോടി |
| കെ.എസ്.റ്റി. 133 | 9.50 കോടി |
| കെ.റ്റി.ഡി.എഫ്.സി. | 1412 കോടി (Un-audited figure) |
| LIC | 60 കോടി |

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| ഹഡ്കോ | 25 കോടി |
| കെ.എസ്.റ്റി. 133 | 10 കോടി |
| കെ.റ്റി.ഡി.എഫ്.സി. | 474 കോടി |

(സി) ഹഡ്കോ, കെ.എസ്.റ്റി. 133 എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ ബസുകൾ വാങ്ങുന്നതിനായാണ് വിനിയോഗിച്ചത്. കെ.റ്റി.ഡി.എഫ്.സി.-യിൽനിന്നും എടുത്തിട്ടുള്ള വായ്പകൾ പ്രവർത്തന ചെലവുകൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്.

**കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും നിരക്കുവർദ്ധനയും**

334 (3968) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ കഴിഞ്ഞ നാലു മാസത്തെ വരുമാനം എത്ര വീതമാണെന്നും 2013-ൽ ഇതേ മാസങ്ങളിലുള്ള വരുമാനം എത്ര യാണെന്നും വ്യക്തമാക്കുമോ ;

(ബി) 2013-ന് നവംബറിനു ശേഷം കെ.എസ്.ആർ.ടി.സി.-യിൽ നിരക്കു വർദ്ധന നടപ്പാക്കിയിട്ടുണ്ടോയെന്നും എത്ര ശതമാനമാണ് വർദ്ധനവ് വരുത്തിയതെന്നും വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ നാലു മാസങ്ങളിലും 2013-ലെ ഇതേ മാസങ്ങളിലും കെ.എസ്.ആർ.ടി.സി.-യിൽ എത്ര ഷെഡ്യൂളുകളാണ് സർവ്വീസ് നടത്തിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് വരുമാനം യഥാക്രമം

1,51,32,83,547 രൂപ

1,50,52,13,860 രൂപ

1,52,39,13,954 രൂപ

1,51,48,46,246 രൂപ എന്നിവയാണ്.

2013 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് വരുമാനം യഥാക്രമം

LIBRARY ARCHIVES Kerala Legislative Assembly